പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 25.10.2011 - ൽ |
| ചോദ്യം നം.5522 | മറുപടിക്ക് |

# മണ്ണുത്തി - വാളയാർ നാലുവരിപ്പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പുമന്ത്രി) |
| (എ) മണ്ണുത്തി - വാളയാർ നാലു വരിപ്പാതയുടെ പ്രവൃത്തി ഏത് ഘട്ടംവരെയായെന്നും, ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കേണ്ടതെന്നും വ്യക്തമാക്കുമോ; | (എ) മണ്ണുത്തി മുതൽ വടക്കഞ്ചേരി വരെയുള്ള ആറ് വരിപാതയുടെ പ്രവൃത്തി BOT അടിസ്ഥാനത്തിൽ M/s.TEL എന്ന കമ്പനിക്ക് 24.08.2009 -ലെ കരാർ പ്രകാരം നല്കിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കിയെങ്കിലും പണി ആരംഭിക്കാൻ ഒരു വിഭാഗം തദ്ദേശവാസികളുടെ എതിർപ്പുമൂലം കഴിഞ്ഞിട്ടില്ല. കരാറുകാരായ M/s.TEL കമ്പനി കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണത്തോടെ പണി നടത്താൻ ഉത്തരവാകുകയും അപ്രകാരം പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും സ്ഥലവാസികളുടെ എതിർപ്പ് തുടരുന്നതുമൂലം പണിയുടെ പുരോഗതി തടസ്സപ്പെടുന്നുണ്ട്. വടക്കഞ്ചേരി മുതൽ വാളയാർ വരെയുള്ള നാലുവരിപ്പാതയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റോഡിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | പ്രസ്തുത റോഡ് നാലുവരിപ്പാതയെങ്കിലും ആക്കിയാൽ മാത്രമേ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള പണി പുരോഗമിക്കുന്നു. |
| (സി) | നാലു വരിപ്പാതയുടെ പണികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തി ആരംഭിച്ച് 30 മാസത്തിനകം പൂർത്തിയാക്കാൻ കഴിയുന്നതാണ്. എന്നാൽ ആറുവരിപ്പാത പണിയുടെ പുരോഗതി തദ്ദേശവാസികളുടെ എതിർപ്പ് മൂലം തടസ്സപ്പെടുന്നുണ്ട്. നാലുവരിപ്പാതയുടെ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

Sd/-

സെക്ഷൻ ഓഫീസർ